പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 64

# 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 64

# 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 64</u>

# 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

1978 -ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

<u>പീഠിക</u>.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2020 ഒക്ടോബർ 27-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "എഴുപത്തിഅഞ്ച് കിലോഗ്രാമിൽ" എന്ന വാക്കുകൾക്ക് പകരം "അൻപത്തിയഞ്ച് കിലോഗ്രാമിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

(1എ) മുപ്പത്തിയഞ്ച് കിലോഗ്രാമിൽ കൂടുതൽ ഭാരം വരുന്ന ഏതെങ്കിലും സാധനമോ സാധനങ്ങളോ യാതൊരു സ്ത്രീയും പ്രായപൂർത്തിയാകാത്ത ചുമട്ടുതൊഴിലാളികളും തലച്ചുമടായോ, ശരീരംകൊണ്ടോ ഒരേ സമയം ചുമന്നുകൊണ്ടുപോകേണ്ട ആവശ്യം ഇല്ലാത്തതാണ്.

1799/2021.

3. 43-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 43-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി" എന്ന വാക്കുകൾക്ക് ശേഷം "പിൽകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(2) (2)-ാം ഉപവകുപ്പിൽ (ഡി) ഖണ്ഡം (ഇ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും, അപ്രകാരം പുനരക്ഷരം ചെയ്യപ്പെട്ട (ഇ) ഖണ്ഡത്തിന് മുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(ഡി) ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും, അവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെ;".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 127) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിന്റെ (1980-ലെ 20) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് എഴുപത്തിഅഞ്ച് കിലോഗ്രാമിൽ കൂടുതൽ ഭാരം വരുന്ന ഏതെങ്കിലും സാധനമോ, സാധനങ്ങളോ, യാതൊരു ചുമട്ടുതൊഴിലാളിയും തലചുമടായോ, ശരീരം കൊണ്ടോ ഒരേ സമയം ചുമന്നുകൊണ്ടു പോകേണ്ട ആവശ്യം ഇല്ല എന്ന് വ്യവസ്ഥ ചെയ്യുന്നു.

2. 'ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ മാക്സിമം വെയ്റ്റ് കൺവെൻഷൻ നമ്പർ 127' പ്രകാരം, തൊഴിലാളിയുടെ ആരോഗ്യത്തെയും സുരക്ഷയെയും അപകടത്തിലാക്കുന്ന യാതൊരു ഭാരവും തൊഴിലാളി ശരീരം കൊണ്ട് ചുമന്നുകൊണ്ടു പോകേണ്ടതില്ലാത്തതും 'ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ മാക്സിമം വെയ്റ്റ് റെക്കമെന്റേഷൻ നമ്പർ 128' ശിപാർശപ്രകാരം പ്രായപൂർത്തിയായ തൊഴിലാളികൾ എടുക്കേണ്ട പരമാവധി ഭാരം അൻപത്തി അഞ്ച് കിലോഗ്രാമിൽ കൂടുവാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്യുന്നു. സ്ത്രീകളുടെയും പ്രായപൂർത്തിയാകാത്ത ചുമട്ടുതൊഴിലാളികളുടെയും സംഗതിയിൽ പരമാവധി ചുമന്നുകൊണ്ടുപോകേണ്ട ഭാരം പരമാവധി കുറയ്ക്കേണ്ടതാണ്.

3. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിലേക്ക്, ഒരു തൊഴിലാളി ചുമന്നുകൊണ്ടു പോകേണ്ട ഭാരം എഴുപത്തി അഞ്ച് കിലോഗ്രാമിൽ നിന്നും അൻപത്തിയഞ്ച് കിലോഗ്രാമായി കുറയ്ക്കുന്നതിലേക്ക്, 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിന്റെ 7-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു. കൂടാതെ, സ്ത്രീകളും പ്രായപൂർത്തിയാകാത്ത ചുമട്ടുതൊഴിലാളികളും പരമാവധി ചുമന്നുകൊണ്ടു പോകേണ്ട ഭാരം മുപ്പത്തിയഞ്ച് കിലോഗ്രാമിൽ പരിമിതപ്പെടുത്തുന്നതിലേക്ക്, പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പിൽ പുതിയ ഉപവകുപ്പ് ഉൾപ്പെടുത്തുവാനും തീരുമാനിച്ചു. കൂടാതെ, മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിലേക്ക്, ആക്റ്റിന്റെ 43-ാം വകുപ്പ് ഭേദഗതി ചെയ്യുവാനും സർക്കാർ തീരുമാനിച്ചു. കൂടാതെ, ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും വിരമിക്കൽ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സേവനം സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാനും തീരുമാനിച്ചു.

4. 2020-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ, പതിനാലാം കേരള നിയമസഭയുടെ 268-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

5. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2020-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2020 ഒക്ടോബർ 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2020 ഒക്ടോബർ 27-ാം തീയതിയിലെ 2548-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020-ലെ 74-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

6. 2020 ഡിസംബർ 31-ാം തീയതി ചേർന്ന കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും 2021 ജനുവരി 8-ാം തീയതി ആരംഭിച്ച് 2021 ജനുവരി 22-ാം തീയതി അവസാനിച്ചതുമായ കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിലും പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

7. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 9-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 10-ാം തീയതിയിലെ 670-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 15-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

8. 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

9. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 3-ാം തീയതിയിലെ 1953-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 90-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

10. 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല.

11. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2460-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 127-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

12. 2021-ലെ 127-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

വി. ശിവൻകുട്ടി.

(ശരിത്തർജ്ജമ)

# 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൽ (1980-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

7. ജോലിയ്ക്കുള്ള പരിമിതികൾ.—(1) എഴുപത്തി അഞ്ച് കിലോഗ്രാമിൽ കൂടുതൽ ഭാരം വരുന്ന ഏതെങ്കിലും സാധനമോ, സാധനങ്ങളോ യാതൊരു ചുമട്ടുതൊഴിലാളിയും തലചുമടായോ, ശരീരം കൊണ്ടോ ഒരേ സമയം ചുമന്നുകൊണ്ടു പോകേണ്ട ആവശ്യം ഇല്ല .

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അറുപതു വയസിനുമേൽ പ്രായമുള്ള യാതൊരാൾക്കും ഈ ആക്റ്റുപ്രകാരം ചുമട്ടുതൊഴിലാളിക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ ലഭിയ്ക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല .

** ** ** **

43. ചട്ടങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംമൂലം, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിനായി ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ദൂഷ്യം കൂടാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്.

(എ) ചുമട്ടു തൊഴിലാളികളുടേയും തൊഴിലുടമകളുടേയും ചുമതലകൾക്കും;

(ബി) രജിസ്റ്റർ ചെയ്തതോ ചെയ്യാത്തതോ ആയ ചുമട്ടുതൊഴിലാളികളുടെ തൊഴിൽ ക്രമപ്പെടുത്തുന്നതിനും ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പ്രസ്തുത ജോലിയെപ്പറ്റിയുള്ള നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ചും;

(സി) ഏതെങ്കിലും തൊഴിലുടമ തന്റെ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചുമട്ടുതൊഴിലാളികളെ ജോലിക്കെടുക്കുന്നത് ക്രമീകരിക്കുന്നതിനോ, ക്ലിപ്തപ്പെടുത്തുന്നതിനോ, മറ്റു വിധത്തിൽ നിയന്ത്രിക്കുന്നതിനോ, അതിനും;

(ഡി) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതൊരു സംഗതിക്കും;

** ** ** **